അദ്ദേഹം പറഞ്ഞത് ശരിയാണ്. വളരെ ഭീമമായ ഒരു തുക വാടക കൊടുത്തുകൊണ്ടിരിക്കുകയാണ്. അത് ഒഴിവാക്കണമെന്ന ആഗ്രഹം ഗവൺമെൻറിനുണ്ട്. കോട്ടയം താലൂക്കിൽ കൽപ്പാത്തിമല-നാൽപ്പാത്തിമല എന്ന സ്ഥലത്താണ് യൂണിവേഴ്സിറ്റിക്കു വേണ്ടിയുള്ള സ്ഥലം അക്വയർ ചെയ്യാനുള്ള നടപടികൾ ആരംഭിച്ചിരിക്കുന്നത്. അവിടെ ഇപ്പോൾ 45.61 ഹെക്ടർ ഭൂമിയാണ് ലാൻഡ് അക്വിസിഷൻ ആരംഭിച്ചിരിക്കുന്നത്. അതിനകത്ത് 20 ഹെക്ടർ ഭൂമി അഡ്വാൻസ് പൊസഷൻ കിട്ടുവാനുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. അതിനുള്ള പണം ഉടനേതന്നെ ഗവൺമെൻറ് കൊടുക്കുന്നതാണ്. ഏപ്രിൽ മാസത്തിൽതന്നെ അഡ്വാൻസ് പൊസഷൻ കിട്ടുവാനുള്ള സ്ഥലം ലഭ്യമാക്കിക്കൊണ്ട്, ഒരു ടെമ്പററി കൺസ്ട്രക്ഷൻ അവിടെ ഉണ്ടാക്കിക്കൊണ്ട്, എത്രയും വേഗം യൂണിവേഴ്സിറ്റിയുടെ ആസ്ഥാനം ഇപ്പോൾ ഏറെറടുത്തിരിക്കുന്ന സ്ഥലത്തേക്ക് മാറുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. 1986-87-ൽ യൂണിവേഴ്സിറ്റിക്കാവശ്യമുള്ള സംവിധാനങ്ങളോടുകൂടി യൂണിവേഴ്സിറ്റി പൂർണ്ണമായിട്ടും പ്രവർത്തിപ്പിക്കണമെന്നാണ് ആഗ്രഹിക്കുന്നത്. കോളേജുകൾക്ക് ഗ്രാൻറ് കിട്ടുന്നില്ല എന്ന് അദ്ദേഹം സൂചിപ്പിച്ചു. അത് ശരിയല്ല. യു. ജി. സി. യുടെ അംഗീകാരം കിട്ടിയെങ്കിൽ മാത്രമെ യൂണിവേഴ്സിറ്റിയുടെ ആസ്ഥാനത്തിനുവേണ്ടി പണിയുന്ന കെട്ടിടത്തിനും ലൈബ്രറിക്കും മറ്റുകാര്യങ്ങൾക്കും ഗ്രാൻറ് കിട്ടുകയുള്ളൂ. ഗാന്ധിജി യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള കോളേജുകൾക്കുള്ള ഗ്രാൻറ് കിട്ടുന്നുണ്ട്. അതുപോലെ യു. ജി. സി. യുടെ അംഗീകാരം ഇല്ലാത്തതുകൊണ്ട് ഡിഗ്രിക്കോ അല്ലെങ്കിൽ മറ്റു കാര്യങ്ങൾക്കോ ഒന്നും യൂണിവേഴ്സിറ്റി കൊടുക്കുന്ന നിയമസാധുത ഇല്ലാതില്ല. അതുകൊണ്ട് അങ്ങനെയുള്ള യാതൊരു ബുദ്ധിമുട്ടുമില്ല. ആകെ കൂടി യൂണിവേഴ്സിറ്റിക്ക് കിട്ടാവുന്ന കുറച്ച് സാമ്പത്തിക സഹായം ലഭ്യമാകുന്നില്ലെന്നു മാത്രമെയുള്ളൂ. കോളേജുകൾക്ക് ഇപ്പോഴും ഗ്രാൻറ് കിട്ടുന്നുണ്ട്. ലാൻഡ് ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനം നടക്കുകയും ചെയ്യുന്നുണ്ട്.

ശ്രീ. കെ. സി. ജോസഫ് : യു. ജി. സി. യുടെ വ്യവസ്ഥ അംഗീകരിക്കാതെ ഗാന്ധിജി യൂണിവേഴ്സിറ്റിക്ക് അംഗീകാരം ലഭിക്കുകയില്ല എന്ന് ബോധ്യമുണ്ടെങ്കിൽ ദയവായി യു. ജി. സി. പറയുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തി ഗാന്ധിജി യൂണിവേഴ്സിറ്റി ആക്ട് അമൻഡ് ചെയ്യുവാനും അമൻഡ് ചെയ്യുമ്പോൾ ജനാധിപത്യ സ്വഭാവം നിലനിറുത്താനും ഗവൺമെൻറ് തയ്യാറാകുമോ ?

ശ്രീ. ടി. എം. ജേക്കബ് : ഞാൻ ഏപ്രിൽ ആദ്യവാരം ഒന്നുകൂടി യു. ജി. സി. ചെയർമാനെ കാണുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ രണ്ടു കാര്യങ്ങൾ നടക്കുകയില്ല. ജനാധിപത്യ സ്വഭാവം നിലനിറുത്തണമെങ്കിൽ യു. ജി. സി. യുടെ നിർദ്ദേശം അംഗീകരിക്കാൻ സാധ്യമല്ല. യു. ജി. സി. പറഞ്ഞിരിക്കുന്നതനുസരിച്ച് സെനറ്റും സിൻഡിക്കേറ്റുമൊന്നും പാടില്ല എന്നാണ്. അവസാനം നിർവ്വാഹമില്ലാതെ വന്നാൽ നമ്മൾ യൂണിവേഴ്സിറ്റി ആക്ട് അമൻഡ് ചെയ്തേ പറ്റൂ.

V സബ്മിഷൻ

(1) റാന്നിയിൽ താലൂക്കാശുപത്രി സ്ഥാപിക്കണമെന്ന ആവശ്യം

ശ്രീമതി ഏയ്ച്ചൽ സണ്ണി പനവേലിൽ : സർ, പത്തനംതിട്ട ജില്ലയിലെ റാന്നി താലൂക്കിൽ ഇതുവരെയായി ഒരു താലൂക്കാശുപത്രി ഉണ്ടായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

അവിടെയുള്ള പാവപ്പെട്ട രോഗികളും മെച്ചപ്പെട്ട ചികിൽസാസൗകര്യമില്ലാത്തതിനാൽ ഭേദിച്ച ചെലവുവരുന്ന സ്വകാര്യ ആശുപത്രികളെയാണ് ആശ്രയിക്കേണ്ടിവരുന്നത്. ഇപ്പോൾ അവിടെ പ്രവർത്തിക്കുന്ന ഹെൽത്ത് സെൻററിൽ സ്ഥിരമായ ഡോക്ടറോ ആവശ്യമായ മരുന്നോ ലഭിക്കുന്നില്ല. അതുകാരണം ജനങ്ങളും വളരെയധികം കഷ്ടപ്പെടുന്നു. വളരെ പിന്നോക്കാവസ്ഥയിലുള്ള ഹരിജനങ്ങളും തൊഴിലാളികളും തിങ്ങിപ്പാർക്കുന്ന റാന്നിയിൽ 100 കിടക്കകളുള്ള സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുള്ള ഒരു താലൂക്ക് ആശുപത്രി സ്ഥാപിക്കുവാൻ അടിയന്തിര നടപടികളും സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ഇപ്പോഴത്തെ ഹോസ്പിറ്റലിൽ രണ്ടു ഡോക്ടർമാരുടെ തസ്തികയുണ്ട്, രണ്ട് ഡോക്ടർമാരുടെ നിയമനവും നടത്തിയിട്ടുണ്ട്. വാട്ടർസപ്ലൈ റെഗുലറായിട്ട് നടക്കുന്നുണ്ട്. അതേയവസരത്തിൽ അറ്റകുറ്റപ്പണികൾക്കാവശ്യമായിട്ടുള്ള പണം ഈ സാമ്പത്തികവർഷത്തിൽതന്നെ അനുവദിച്ചു കൊടുക്കാം. മറ്റ് കാര്യങ്ങളൊക്കെ പരിശോധിച്ച് വേണ്ട നടപടികളും സ്വീകരിക്കാം.

(2) പത്തനാപുരം താലൂക്കിലെ പ്രൈവറ്റ് ദേവസ്വം ഭൂമി പതിച്ചുകൊടുക്കാത്തതുമൂലം വിലയ്ക്കുവാങ്ങിയ കർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. എ. ജോർജ് : സർ, പത്തനാപുരം താലൂക്കിൽപ്പെട്ട എൻെറ നിയോജകമണ്ഡലത്തിലെ രണ്ടു മൂന്നു വില്ലേജുകളിലുള്ള 2200-ഓളം വരുന്ന കൃഷിക്കാരുടെ ഭൂമി പതിച്ചുകിട്ടാത്ത ഒരു പ്രശ്നമാണ് ഞാൻ ഈ ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെടുത്താനാഗ്രഹിക്കുന്നത്. ഇത് വനഭൂമി കൈവശപ്പെടുത്തിയതല്ല. വേറെ ആരുടെയെങ്കിലും ഭൂമി അനധികൃതമായി കയ്യേറിയതുമല്ല. ഏകദേശം 100 കൊല്ലം മുമ്പ് ഊരായ്മക്കാർ എന്നു അറിയപ്പെട്ടിരുന്ന രണ്ടു വീട്ടുകാർ നടത്തിവന്ന ഒരു പ്രൈവറ്റ് ദേവസ്വത്തിൽ നിന്നും വിലക്കു വാങ്ങിച്ച ഭൂമിയാണ്, ഇപ്പോൾ പതിച്ചുകിട്ടാതെയിരിക്കുന്നത്. ഈ ഭൂമി പതിച്ചുകിട്ടാത്തതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയുടെ വകുപ്പിൽപ്പെട്ട ഭവനനിർമ്മാണ പദ്ധതിയിലുൾപ്പെട്ട ഭവനങ്ങൾ അവർക്ക് കിട്ടാൻ അർഹതയില്ലാതിരിക്കുകയാണ്. ഞാൻ ഒരു പ്രത്യേക കാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെടുത്താനാഗ്രഹിക്കുകയാണ്. 15-12-ൽ ഞാൻ ഇതിനെക്കുറിച്ച് ഒരു നിവേദനം നമ്മുടെ ബഹുമാനപ്പെട്ട റവന്യു വകുപ്പുമന്ത്രിക്ക് അയച്ചു. റവന്യുവകുപ്പുമന്ത്രിയുടെ ആഫീസിൽ നിന്ന് പിറ്റേദിവസംതന്നെ അത് ഡെസ്പാച്ച് ചെയ്തു. മൂന്നുമാസം കഴിഞ്ഞപ്പോൾ ഇത് കൊല്ലം കളക്ടറേറ്റിൽ വിട്ടിരിക്കുന്നു എന്നും പറഞ്ഞ് ഗവൺമെൻറ് സെക്രട്ടറിയുടെ ഒരു എഴുത്തു കിട്ടി. ഈ സെക്രട്ടേറിയറ്റിലെ സ്ഥിതി ഒന്ന് ആലോചിക്കണം. അതുകൊണ്ട് ഇതുപോലെയുള്ള കാര്യങ്ങളിൽ റവന്യൂവകുപ്പുമന്ത്രി എത്രയും വേഗം നേരിട്ട് ഫയൽ വരുത്തി ആവശ്യമായ നടപടികൾ കൈക്കൊള്ളണമെന്ന് അഭ്യർത്ഥിക്കുകയാണ്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : ഈ വിഷയം എൻെറ ശ്രദ്ധയിൽപ്പെടുകയും കൊല്ലം കളക്ടറോട് റിപ്പോർട്ട് ചോദിക്കുകയും റിപ്പോർട്ട് തരികയും ചെയ്തിട്ടുണ്ട്. ഈ ഭൂമി പതിച്ചുകൊടുക്കുന്നതിനു തടസ്സമില്ലെന്നാണ് റിപ്പോർട്ട് കിട്ടിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly